2026
AUGUST
21
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഏഷ്യയിലെ ഏറ്റവും കുറഞ്ഞ മുൻഗണനയുള്ള ഓഹരിവിപണി ഇന്ത്യയെന്ന് സർവേ



**ഷാർലറ്റ് (നോർത്ത് കരോളൈന):** ബാങ്ക് ഓഫ് അമേരിക്ക കോർപറേഷൻ നടത്തിയ ഫണ്ട് മാനേജർമാരുടെ ഏറ്റവും പുതിയ സർവേ പ്രകാരം, ഏഷ്യയിലെ ഏറ്റവും കുറഞ്ഞ മുൻഗണനയുള്ള ഓഹരിവിപണിയായി ഇന്തോനേഷ്യക്കു പകരം ഇന്ത്യ മാറി.

ഈ വർഷം ഏറ്റവും മോശം പ്രകടനം കാഴ്ചവയ്ക്കുന്ന വിപണികളിലൊന്നായ ഇന്ത്യൻ ഓഹരിവിപണിയോടുള്ള നിക്ഷേപകരുടെ വർധിച്ചുവരുന്ന ജാഗ്രതയാണ് ഇത് സൂചിപ്പിക്കുന്നത്.

ഓഗസ്റ്റ് ഏഴിനും 13നും ഇടയിൽ ശേഖരിച്ച ഈ സർവേയിൽ, ആകെ 272 ബില്യൺ ഡോളറിന്റെ ആസ്തി കൈകാര്യം ചെയ്യുന്ന 98 ഫണ്ട് മാനേജർമാർ പങ്കെടുത്തു.

ഇന്തോനേഷ്യയോടുള്ള നിക്ഷേപകരുടെ മനോഭാവത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. രാജ്യത്തെ നിക്ഷേപം നിശ്ചിത അളവിലും കുറച്ച (നെറ്റ് അണ്ടർവെയ്റ്റ്) ഫണ്ട് മാനേജർമാരുടെ എണ്ണം ജൂലൈയിലെ 32 ശതമാനത്തിൽ നിന്ന് 27 ശതമാനമായി കുറഞ്ഞു. മേഖലയിൽ നിക്ഷേപകർ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന വിപണികളായി തായ്‌വാനും ജപ്പാനും തുടർന്നു.

ബ്ലൂംബെർഗ് റിപ്പോർട്ട് അനുസരിച്ച്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് മേഖലയിൽ വ്യക്തമായ സ്വാധീനമില്ലാത്തതാണ് ഇന്ത്യൻ ഓഹരികളെക്കുറിച്ചുള്ള ഏറ്റവും വലിയ ആശങ്കയായി സർവേ ചൂണ്ടിക്കാണിക്കുന്നത്. ദുർബലമായ സാമ്പത്തിക വളർച്ചയാണ് ഇതിന് തൊട്ടുപിന്നിലുള്ള കാരണം.

മറുപടി നൽകിയവരിൽ 32 ശതമാനവും ഇന്ത്യയുടെ കാര്യത്തിൽ ഇന്ത്യയിൽ നെറ്റ് അണ്ടർവെയ്റ്റ് (കുറഞ്ഞ നിക്ഷേപം) നിലപാടാണ് സ്വീകരിച്ചത്. ഏഷ്യയിലെ നാലാമത്തെ വലിയ ഓഹരി വിപണിയായ ഇന്ത്യയോടുള്ള ഈ നിഷേധാത്മക നിലപാടിന് പരിഷ്കാരങ്ങളുടെ അഭാവവും ഉയർന്ന മൂല്യനിർണയവും കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടു.

വിപണിയുടെ അടിസ്ഥാന ഘടകങ്ങൾ മെച്ചപ്പെടുന്നുണ്ടെങ്കിലും മികച്ച വരുമാന പ്രവചനങ്ങൾ ഉണ്ടായിരുന്നിട്ടും കഴിഞ്ഞ രണ്ട് ആഴ്ചകളായി ഇന്ത്യൻ ഓഹരികൾ ഇടിവ് നേരിടുന്ന സമയത്താണ് സർവേ ഫലങ്ങൾ പുറത്തുവരുന്നത്. നിക്ഷേപകർ ഇപ്പോഴും ജാഗ്രത പാലിക്കുന്നുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്.

ബ്ലൂംബെർഗ് സമാഹരിച്ച വിവരങ്ങൾ പ്രകാരം നിലവിലെ ത്രൈമാസത്തിൽ ആഗോള നിക്ഷേപകർ നാലു ബില്യൺ ഡോളറിലധികം മൂല്യമുള്ള ഇന്ത്യൻ ഓഹരികൾ വാങ്ങിയിട്ടുണ്ട്. മേഖലയിലെ വളർന്നുവരുന്ന വിപണികളിൽ ഏറ്റവും ഉയർന്ന ഒഴുക്കാണിത്.

പ്രമുഖ ബെഞ്ച്മാർക്ക് സൂചികയായ എൻഎസ്ഇ നിഫ്റ്റി 50ലെ കമ്പനികൾ റിപ്പോർട്ട് ചെയ്ത വരുമാനം അവസാന മൂന്ന് മാസത്തെ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 18 % വർധിച്ചു. ഇത് മോത്തിലാൽ ഓസ്വാൾ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് പ്രവചിച്ച 10 % വളർച്ചയേക്കാൾ വളരെ മുന്നിലാണ്.

യുഎസ്ഇറാൻ യുദ്ധത്തെത്തുടർന്ന് ആഗോള ക്രൂഡ് ഓയിൽ വിലയിലുണ്ടായ വർധന സാന്പത്തിക വളർച്ചയെ സമ്മർദത്തിലാക്കിയ മേയ് മാസത്തിലാണ് ബാങ്ക് ഓഫ് അമേരിക്ക സർവേയിൽ ഇന്ത്യ ഏറ്റവും കുറവ് താത്പര്യമുള്ള വിപണിയായി തെരഞ്ഞെടുക്കപ്പെട്ടത്.



## വില കൂടുന്നു: പഞ്ചസാരയുടെ ഇറക്കുമതി തീരുവ കുറയ്ക്കാൻ സർക്കാർ

**ന്യൂദൽഹി:** ക്രൂഡ് ഇറക്കുമതിച്ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ എഥ്നോൾ മിശ്രിതപദ്ധതി വിപണിയിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. എഥ്നോൾ നിർമാണത്തിനായി വൻതോതിൽ കരിമ്പ് ഉപയോഗിക്കുന്നതിനാൽ പഞ്ചസാര ഉത്പാദനം കുറഞ്ഞു. വിദേശനാണ്യം ലാഭിക്കാൻ ലക്ഷ്യമിട്ട പദ്ധതി മറ്റൊരു രീതിയിൽ രാജ്യത്തിനുതന്നെ തിരിച്ചടിയായി എന്നാണ് വിമർശനം.

ഉത്സവകാലത്തെ വിലക്കയറ്റം തടയാൻ പഞ്ചസാരയുടെ ഇറക്കുമതി തീരുവ ഒഴിവാക്കിയേക്കും. മൊത്തക്കച്ചവടക്കാർ കൈവശം വെക്കുന്ന സ്‌റ്റോക്കിന് നിയന്ത്രണം കൊണ്ടുവരാനും നീക്കമുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് പഞ്ചസാരയുടെ വിലയിൽ 13 ശതമാനത്തിന്റെ വർധനയുണ്ടായി. ഒരു മാസത്തിനിടെ ഒമ്പത് ശതമാനത്തിലേറെ വില കൂടുകയും ചെയ്തു. നിലവിൽ പഞ്ചസാരയുടെ ചില്ലറവില 52 രൂപയ്ക്ക് മുകളിലാണ്.

ക്രൂഡ് ഇറക്കുമതി മൂലമുള്ള ബാധ്യത കുറയ്ക്കാൻ എഥ്നോൾ ചേർത്ത പെട്രോൾ രാജ്യത്ത് അവതരിപ്പിച്ച സർക്കാർ, ഇപ്പോൾ പഞ്ചസാരയുടെ വില കുറയ്ക്കാൻ ഇറക്കുമതി പ്രോത്സാഹിപ്പിക്കുകയാണെന്ന വിമർശനം സമൂഹമാധ്യമങ്ങളിൽ വ്യാപകമായി.

## തീരുവകൾക്കിടയിലും ഇന്ത്യയുടെ പ്രധാന കയറ്റുമതി വിപണിയായി യു.എസ്

**മുംബൈ:** യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇന്ത്യൻ ഉത്പന്നങ്ങൾക്കേർപ്പെടുത്തിയ ഉയർന്ന തീരുവകൾക്കിടയിലും ഇന്ത്യയുടെ പ്രധാന കയറ്റുമതി വിപണിയായി അമേരിക്ക തുടരുന്നു. വ്യാപാര മന്ത്രാലയത്തിന്റെ കണക്കുകളനുസരിച്ച് ജൂലായ് വരെയുള്ള 12 മാസക്കാലത്ത് ഇന്ത്യൻ കയറ്റുമതിയുടെ 20 ശതമാനവും അമേരിക്കയിലേക്കാണെന്ന് വ്യക്തമാക്കുന്നു. ഇക്കാലത്താണ് ട്രംപ് ഇന്ത്യയിൽനിന്നുള്ള ഉത്പന്നങ്ങൾക്ക് പിഴത്തീരുവയടക്കം 50 ശതമാനം ഇറക്കുമതിത്തീരുവ ചുമത്തിയത്. കഴിഞ്ഞ ഫെബ്രുവരിയിലിത് 18 ശതമാനമായി കുറച്ചു. യു.എസ്. തീരുവകളിൽ യു.എസ്. സുപ്രീം കോടതിയുടെ ഇടപെടലുകളുടെ പശ്ചാത്തലത്തിൽ ഇപ്പോഴിത് പത്തു ശതമാനമാണ്.

ഇന്ത്യയുടെ കയറ്റുമതിയിൽ രണ്ടാം സ്ഥാനത്ത് യൂറോപ്യൻ യൂണിയനാണ്. മൊത്തം കയറ്റുമതിയുടെ 16 ശതമാനം വരുമിത്. ജി.സി.സി. രാജ്യങ്ങൾ (13 ശതമാനം), അസിയാൻ രാജ്യങ്ങൾ (ഒൻപതു ശതമാനം), യു.എ.ഇ. (എട്ടു ശതമാനം), മറ്റു രാജ്യങ്ങൾ (34 ശതമാനം) എന്നിങ്ങനെയാണ് കണക്ക്. അമേരിക്കയിലേക്ക് 2025 26 സാമ്പത്തികവർഷം ഇന്ത്യ 8,730 കോടി ഡോളറിന്റെ ഉത്പന്നങ്ങളാണ് കയറ്റി അയച്ചത്. തൊട്ടു മുൻവർഷമിത് 8,651 കോടി ഡോളറായിരുന്നു. ഇത്രയധികം വെല്ലുവിളികളുണ്ടായിട്ടും അമേരിക്കൻ വിപണിയിൽ ഇന്ത്യൻ ഉത്പന്നങ്ങൾക്ക് നിർണായക സാന്നിധ്യമുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽനിന്നുള്ള പല ഉത്പന്നങ്ങൾക്കും പകരം വിപണി കണ്ടെത്താൻ ബുദ്ധിമുട്ടാണെന്നും ഇതിലൂടെ വ്യക്തമാകുന്നു.

അമേരിക്കൻ തീരുവകളിലെ അനിശ്ചിതത്വം തുടരുന്ന സാഹചര്യത്തിൽ ഇന്ത്യ കയറ്റുമതി വിപണി വൈവിധ്യവത്കരിക്കാൻ ശ്രമിച്ചു വരുകയാണ്. ബ്രിട്ടനുമായുള്ള സ്വതന്ത്ര വ്യാപാരക്കരാർ ജൂലായിൽ പ്രാബല്യത്തിലായി. യൂറോപ്യൻ യൂണിയൻ, ഒമാൻ, ന്യൂസീലൻഡ് എന്നീ രാജ്യങ്ങളുമായി വാണിജ്യ കരാർ ഒപ്പുവെച്ചു. ഗൾഫ് രാജ്യങ്ങൾ, കാനഡ, ഇസ്രയേൽ, ഓസ്ട്രേലിയ, പെറു, ചിലി, അമേരിക്ക, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരക്കരാറിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. കയറ്റുമതി വൈവിധ്യവത്കരണം പുതിയ വിപണികൾ കണ്ടെത്തുന്നതിനൊപ്പം കയറ്റുമതി ഏതെങ്കിലും രാജ്യങ്ങളിൽ കേന്ദ്രീകരിക്കുന്നത് ഒഴിവാക്കാനും സഹായിക്കും. വിപണി വൈവിധ്യവത്കരണം ഒറ്റ ദിവസംകൊണ്ടു സാധ്യമാകുന്നതല്ല.

## വിഴിഞ്ഞം,നാവായിക്കുളം ഔട്ടർ റിങ് റോഡ്; 260 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ വീണ്ടും പ്രാഥമിക വിജ്ഞാപനം

**തിരുവനന്തപുരം:** ദേശീയപാത 66 ൽ വിഴിഞ്ഞത്തെയും നാവായിക്കുളത്തെയും ബന്ധിപ്പിച്ചു നിർമിക്കുന്ന തിരുവനന്തപുരം ഔട്ടർ റിങ് റോഡിനായി (എൻഎച്ച് 866) 260 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം വീണ്ടും പ്രാഥമിക വിജ്ഞാപനം (3 എ) പുറത്തിറക്കി. 314 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ 2024 നവംബറിൽ പുറത്തിറക്കിയ വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചതിനാലാണു പുതിയ വിജ്ഞാപനം.



16 വില്ലേജുകളിൽ നിന്നാണു ഭൂമി ഏറ്റെടുക്കുന്നത്. ആകെ 24 വില്ലേജുകളിൽ നിന്നാണ് ഔട്ടർ റിങ് റോഡിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടത്. ഇതിൽ 11 വില്ലേജുകളിൽ നിന്ന് 100.87231 ഹെക്ടർ ഭൂമി ഏറ്റെടുത്തുള്ള 3 ഡി വിജ്ഞാപനം 2023 ൽ പുറത്തിറങ്ങിയിരുന്നു. ഇവർക്കു നഷ്ടപരിഹാരം നൽകിയിട്ടില്ല. പദ്ധതിക്കു കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി അനുമതി നൽകിയതോടെ പദ്ധതി യാഥാർഥ്യത്തിലേക്ക് അടുക്കുകയാണ്. 2 മാസം മുൻപ പദ്ധതിക്കു ദേശീയപാത അതോറിറ്റി നിർമാണ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

പദ്ധതിക്കു വേണ്ടി വരുന്ന ഭൂമിയുടെ 90% ഏറ്റെടുത്തു കൈമാറിയാൽ മാത്രമേ യോഗ്യത നേടുന്ന കമ്പനിയുമായി കരാർ ഉറപ്പിക്കാനാകൂ. അതിനാലാണു ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം വീണ്ടും പുറത്തിറക്കിയത്. കൂടുതൽ ഭൂമി പദ്ധതിക്കായി ഏറ്റെടുക്കേണ്ടതുണ്ട്.

എന്നാൽ, റീസർവേ കഴിഞ്ഞ ഈ വില്ലേജുകളിൽ നിന്നു പുതിയ സർവേ നമ്പറും അനുബന്ധ വിവരങ്ങളും ലഭിക്കാൻ ദേശീയപാത ഭൂമി ഏറ്റെടുക്കൽ വിഭാഗം റവന്യു വകുപ്പിനെ സമീപിച്ചിട്ടുണ്ട്.

# സംസ്ഥാനത്തുടനീളം 2000 ഓണച്ചന്തകൾ ആരംഭിക്കും: മന്ത്രി ടി സിദ്ധിഖ്

**തിരുവനന്തപുരം:** ഓണത്തിന് ഹോർട്ടികോർപ്പിന്റെയും VFPCK യുടെയും നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം 2000 ഓണച്ചന്തകൾ ആരംഭിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി ടി സിദ്ധിഖ് പറഞ്ഞു. ഓണവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുമായി സംസ്ഥാന സർക്കാർ 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന സമഗ്ര പച്ചക്കറി, പുഷ്പ ഉത്പാദന യജ്ഞത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഓണത്തിനൊരുക്കാം, വിളവിന്റെ വിസ്മയം' പച്ചക്കറി വിളവെടുപ്പ് സെക്രട്ടേറിയറ്റ് അങ്കണത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കൃഷി മന്ത്രി.

സംസ്ഥാനത്ത് പഴം, പച്ചക്കറി, പുഷ്പ കൃഷികൾ മികച്ച രീതിയിൽ മുന്നേറുകയാണെന്ന് മന്ത്രി പറഞ്ഞു. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷിവകുപ്പ് സമഗ്ര പദ്ധതികൾ നടപ്പാക്കിവരികയാണ്. 'കതിർ', 'കൃഷി സഖി' തുടങ്ങിയ പദ്ധതികളും ഇതിന്റെ ഭാഗമായി നടപ്പാക്കുന്നുണ്ട്.

നാളികേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് 100 കോടി രൂപയുടെ പ്രത്യേക നാളികേര പുനരുജ്ജീവന പദ്ധതി നടപ്പാക്കും. സെപ്റ്റംബർ രണ്ടിന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല 'കേരാമൃതം' പരിപാടിയിൽ പദ്ധതിക്ക് ഔദ്യോഗിക തുടക്കമാകും. നാളികേര ദിനം ഇത്തവണ വിപുലമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു. റവന്യൂ മന്ത്രി എ പി അനിൽ കുമാറും തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണയും വിളവെടുപ്പിൽ പങ്കുചേർന്നു.

ജൂൺ അഞ്ചിന് മുഖ്യമന്ത്രി വി ഡി സതീശൻ സെക്രട്ടേറിയറ്റ് വളപ്പിൽ ആരംഭിച്ച ജൈവ പച്ചക്കറി കൃഷിയുടെ വിളവെടുപ്പാണ് നടന്നത്. കത്തിരി, വെണ്ട, തക്കാളി, മുളക്, ചീര, വഴുതന, പാവയ്ക്ക, വെള്ളരി, പടവലം, വള്ളിപ്പയർ തുടങ്ങിയ പച്ചക്കറികളാണ് വിളവെടുത്തത്. ഇത്തവണ സൂര്യകാന്തി പൂക്കളും ഇവിടെ കൃഷി ചെയ്തിരുന്നു.

കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. സുഭാഷ്, ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ, ഐ.പി.ആർ.ഡി ഡയറക്ടർ സബിൻ സമീദ്, മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.






# കേരള കോളേജ് സ്പോർട്സ് ലീഗ് വോളിബോൾ 2026 ന് തുടക്കം

**തിരുവനന്തപുരം:** കേരളത്തിലെ കോളേജ് ക്യാമ്പസുകളിലേക്ക് വോളിബോളിന്റെ പ്രതാപകാലം തിരികെ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ തുടക്കം കുറിച്ച കേരള കോളേജ് സ്പോർട്സ് ലീഗ് വോളിബോൾ മത്സരങ്ങൾക്ക് തുടക്കമായി. തിരുവനന്തപുരം വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ലീഗിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ക്ലാസ്റൂമുകളുടെ അനുബന്ധമാകണം കളിക്കളങ്ങൾ എന്ന് മന്ത്രി റോജി എം ജോൺ പറഞ്ഞു. ജീവിതശൈലീ രോഗങ്ങളെയും മയക്കുമരുന്ന് പോലുള്ള ദുഷ്പ്രവണതകളെയും തടയാൻ സ്കൂൾ കാലഘട്ടത്തിൽ തന്നെ ഫിറ്റ്നസ് സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. കായികയുവജനകാര്യ വകുപ്പ് മന്ത്രി ഒ ജെ ജനീഷ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മന്ത്രി റോജി എം ജോൺ കോളേജ് സ്പോർട്സ് ലീഗ് ജേഴ്സി പ്രകാശനം ചെയ്തു.

2036 ഒളിമ്പിക്സിൽ മെഡൽ നേടുന്നവരുടെ പട്ടികയിൽ കേരളത്തിൽ നിന്നുള്ള കായിക താരങ്ങൾ ഉണ്ടാകണമെന്നുള്ള വിശാല ലക്ഷ്യത്തോടെയാണ് കായിക വകുപ്പ് പ്രവർത്തിക്കുന്നതെന്ന് മന്ത്രി ഒ ജെ ജനീഷ് പറഞ്ഞു. കായിക താരങ്ങളെ സർക്കാർ ഇടനെഞ്ചോട് ചേർത്ത് പിടിക്കും. കഠിനാധ്വാനം ചെയ്യുന്ന താരങ്ങൾക്ക് അവസരങ്ങളും ആത്മവിശ്വാസവും ഒരുക്കുക എന്നതാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായാണ് കോമൺവെൽത്ത് ഗെയിംസിലെ വിജയികൾക്ക് ചരിത്രത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ പാരിതോഷികം നൽകിയത്. വെള്ളി മെഡൽ നേടിയവർക്ക് 20 ലക്ഷം രൂപയും ഫൈനലിസ്റ്റുകൾക്ക് 5 ലക്ഷം രൂപയും സമ്മാനമായി നൽകിയെന്നും മന്ത്രി പറഞ്ഞു.

കായികയുവജനകാര്യ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും ഖേലോ ഇന്ത്യ പദ്ധതിയുമായി കൈകോർത്തുകൊണ്ടാണ് സ്പോർട്സ് ലീഗ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ പ്രമുഖ സർവകലാശാലകളിൽ നിന്ന് യോഗ്യത നേടിയ 16 മികച്ച ടീമുകളാണ് ജിമ്മി ജോർജ്ജ് സ്റ്റേഡിയത്തിലും മൈലം ജിവി രാജ സ്പോർട്സ് സ്കൂളിലുമായി സംഘടിപ്പിക്കുന്ന കേരള കോളേജ് സ്പോർട്സ് ലീഗ്-വോളിബോൾ കിരീടത്തിനായി മാറ്റുരയ്ക്കുന്നത്. ഈ മാസം 22 വരെയാണ് സ്പോർട്സ് ലീഗ്.കായിക വകുപ്പ് ഡയറക്ടർ ഡോ. റെജിൽ എം സി ചടങ്ങിൽ സ്വാഗതം ആശംസിച്ചു. പാളയം വാർഡ് കൗൺസിലർ ഷേർളി എസ്, സായി റീജിയണൽ ഡയറക്ടർ ഡോ. ശരത് ചന്ദ്ര യാദവ്, ഘചഇജ ഋ പ്രിൻസിപ്പൽ ഡോ. സദാനന്ദൻ സി എസ്, അന്താരാഷ്ട്ര വോളിബോൾ താരം എസ് ഗോപിനാഥ്, ധ്യാൻ ചന്ദ് അവാർഡ് ജേതാവ് കെ സി ലേഖ, കേരള സ്പോർട്സ് കൗൺസിൽ അസിസ്റ്റന്റ് സെക്രട്ടറി ജാസ്മിൻ ബി, സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനീയർ അനിൽകുമാർ പി കെ, കായിക വകുപ്പ് അഡിഷണൽ ഡയറക്ടർ ഡോ. പ്രദീപ് സി എസ് തുടങ്ങിയവർ പങ്കെടുത്തു.

# ഓണം വാരാഘോഷം ആഗസ്റ്റ് 24 മുതൽ

**തിരുവനന്തപുരം:** ജില്ലയിലെ 35 വേദികളിലായി മൂവായിരത്തിലധികം കലാകാരന്മാരെ അണിനിരത്തി ഈ വർഷത്തെ സംസ്ഥാനതല ഓണം ടൂറിസം വാരാഘോഷം ആഗസ്റ്റ് 24 മുതൽ 30 വരെ വിപുലമായി സംഘടിപ്പിക്കുമെന്ന് മസ്കറ്റ് ഹോട്ടലിൽ നടന്ന വാർത്താസമ്മേളനത്തിൽ ടൂറിസം സാംസ്കാരികം സിനിമാ വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ് അറിയിച്ചു. കേരളത്തിന്റെ സാംസ്കാരിക വൈവിധ്യവും പാരമ്പര്യവും കലാപൈതൃകവും വിനോദസഞ്ചാരസാധ്യതകളും ഒരുമിച്ച് അവതരിപ്പിക്കുന്ന തരത്തിലാണ് ഇത്തവണ ഓണം വാരാഘോഷം ഒരുക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

340ലധികം കലാവിരുന്നുകളാണ് ഏഴു ദിവസങ്ങളിലായി ആഘോഷത്തിന്റെ ഭാഗമായി അരങ്ങേറുന്നത്. ആഗസ്റ്റ് 24ന് വൈകിട്ട് 6.30 ന് മുഖ്യമന്ത്രി വി.ഡി. സതീശൻ വാരാഘോഷ ഉദ്ഘാടനം നിർവഹിക്കും. ചലച്ചിത്ര താരം കുഞ്ചാക്കോ ബോബൻ വിശിഷ്ടാതിഥിയാകും. ഉദ്ഘാടനത്തിന് മുന്നോടിയായി വൈകുന്നേരം 5.30 മുതൽ 6.30 വരെ ചലച്ചിത്രതാരം ശോഭനയുടെ നൃത്തപരിപാടിയും നിശാഗന്ധിയിൽ അരങ്ങേറും. ആഗസ്റ്റ് 30ന് നടക്കുന്ന സമാപന സമ്മേളനത്തിലും സാംസ്കാരിക ഘോഷയാത്രയിലും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഗവർണറും മുഖ്യമന്ത്രിയും ചടങ്ങിൽ സന്നിഹിതരായിരിക്കും.

ആഗസ്റ്റ് 21ന് ട്രേഡ് ഫെയർ ഉദ്ഘാടനം ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ.മുരളീധരന്റെ അധ്യക്ഷതയിൽ നടക്കും.അതേ ദിവസം കോവളത്തു നിന്ന് ആരംഭിക്കുന്ന പതാക ഘോഷയാത്ര ജില്ലയിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും പര്യടനത്തിന് ശേഷം 23ന് കനകക്കുന്നിൽ സമാപിക്കുകയും ഓണപ്പതാക ഉയർത്തുകയും ചെയ്യും. പതിവ് വേദികൾക്ക് പുറമെ ഇത്തവണ കോവളത്ത് പുതിയ വേദിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആഗസ്റ്റ് 23ന് ഭാരത് ഭവനിൽ തിരുവാതിര മത്സരവും കനകക്കുന്നിൽ ഫുഡ് ഫെസ്റ്റിവലും ആരംഭിക്കും. ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ ഫുഡ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 6 മണിക്ക് ദീപാലങ്കാരങ്ങളുടെ ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ നിർവഹിക്കും. ആഗസ്റ്റ് 24ന് ജവഹർ ബാലഭവനിൽ മാധ്യമങ്ങൾക്കും പൊതുജനങ്ങൾക്കും പ്രത്യേകം അത്തപ്പൂക്കള മത്സരവും സംഘടിപ്പിക്കും.കനകക്കുന്നിനെ ബിസിനസ്, ഫ്യൂച്ചർ, ആർട്ട് ആൻഡ് കൾച്ചർ, ഫുഡ് എന്നിങ്ങനെ നാല് സോണുകളായി തിരിച്ചിട്ടുണ്ട്. തോൽപാവക്കൂത്ത്, കഥകളി ചമയം, ചെണ്ടമേളം എന്നിവ നേരിട്ട് അനുഭവിക്കാനുള്ള ലൈവ് സെഷനുകളും ഇന്ററാക്ടീവ് വിനോദങ്ങളും ഒരുക്കിയിട്ടുണ്ട്. കവടിയാർ മുതൽ അട്ടക്കുളങ്ങര വരെയും ശാസ്തമംഗലം മുതൽ വെള്ളയമ്പലം വരെയും ദീപാലങ്കാരം ഒരുക്കും.വിനീത് ശ്രീനിവാസൻ, വൈക്കം വിജയലക്ഷ്മി, ഉണ്ണിമേനോൻ, നിത്യ മാമൻ, മധു ബാലകൃഷ്ണൻ, അരവിന്ദ് വേണുഗോപാൽ, അഭയ ഹിരൺമയി തുടങ്ങിയ പ്രമുഖ താരങ്ങൾ ഏഴു ദിവസങ്ങളിലായി അണിനിരക്കും. 14 മാധ്യമ സ്ഥാപനങ്ങൾ സർക്കാരുമായി സഹകരിച്ച് വിവിധ സ്റ്റേജുകളിൽ കലാപരിപാടികൾ ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമെ തനത് കലാപൈതൃകത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 7 മണി വരെ നാടൻ കലാരൂപങ്ങൾ നിശാഗന്ധിയിൽ അരങ്ങേറും. വാരാഘോഷത്തിനെത്തുന്ന വിദേശവിനോദസഞ്ചാരികൾക്കും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവർക്കും നിശാഗന്ധിയിൽ പ്രത്യേക ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്ലസ് ടു തലത്തിലേക്ക് കൂടി വ്യാപിപ്പിക്കാൻ സർക്കാർ സന്നദ്ധം: മന്ത്രി

**തിരുവനന്തപുരം:** നിലവിൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് നടപ്പാക്കിയിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്ലസ് ടു തലത്തിലേക്ക് കൂടി വ്യാപിപ്പിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ. സ്കൂൾ വിദ്യാർഥികൾക്കുള്ള ഓണം സ്പെഷ്യൽ അരി വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

കേന്ദ്രാവിഷ്കൃത പി എം പോഷൺ പദ്ധതിയുടെ ഭാഗമായി ഒമ്പത് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കും ഉച്ചഭക്ഷണം നൽകുന്നത് സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിരുന്നു. കഴിഞ്ഞ മാസം ഡൽഹിയിൽ ചേർന്ന യോഗത്തിൽ കേരളം ഇതിന് സമ്മതം അറിയിച്ചിട്ടുണ്ട്. ഭക്ഷണം പൗരന്റെ അടിസ്ഥാന അവകാശമാണെന്നും ക്ഷേമരാഷ്ട്രത്തിൽ അത് സംരക്ഷിക്കപ്പെടണമെന്നും മന്ത്രി പറഞ്ഞു. എല്ലാവർക്കും സമൃദ്ധമായ ഓണം ഉറപ്പാക്കാനും സാമ്പത്തിക ബുദ്ധിമുട്ടുകളില്ലാതെ ആഘോഷിക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വ്യക്തമാക്കി. വിദ്യാർഥികൾക്ക് ഓണപരീക്ഷയ്ക്ക് മികച്ച വിജയവും മന്ത്രി ആശംസിച്ചു.

പൊതുവിദ്യാലയങ്ങളിലെ 23.5 ലക്ഷത്തോളം വിദ്യാർഥികൾക്ക് നാല് കിലോ വീതം സൗജന്യ അരി വിതരണം ചെയ്യുന്നതിലൂടെ അത്രയും കുടുംബങ്ങൾക്കാണ് അതിന്റെ ഗുണം ലഭിക്കുന്നതെന്ന് ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ മുൻകൈയിൽ സപ്ലൈകോ വഴിയാണ് 905 മെട്രിക് ടൺ അരി വിദ്യാർഥികൾക്കായി വിതരണം ചെയ്യുന്നത്. പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ്, കൺസ്യൂമർഫെഡ്, കൃഷിവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ ഇടപെടലുകൾ സർക്കാർ നടത്തി വരുന്നതായും മന്ത്രി പറഞ്ഞു. എ.എ.വൈ കുടുംബങ്ങൾക്കുള്ള ഓണക്കിറ്റ് വിതരണം 90 ശതമാനം പൂർത്തിയായതായും അടുത്ത ദിവസങ്ങളിൽ എല്ലാ റേഷൻ കടകളിലും കിറ്റുകൾ ലഭ്യമാകുമെന്നും അദ്ദേഹം അറിയിച്ചു.

തിരുവനന്തപുരം പട്ടം ഗവ. ഗേൾസ് എച്ച് എസ് എസിൽ നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ അധ്യക്ഷത വഹിച്ചു. പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ആർ എസ് ഷിബു സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി, വാർഡ് കൗൺസിലർ രേഷ്മ സി, സപ്ലൈകോ തിരുവനന്തപുരം റീജിയണൽ മാനേജർ (ഇൻ ചാർജ്) രവികുമാരൻ നായർ എസ്, പട്ടം ഗവ. ഗേൾസ് എച്ച്എസ്എസ് പ്രിൻസിപ്പൽ ഡോ കെ ലൈലാസ്, ഹെഡ്മാസ്റ്റർ സജീവ്കുമാർ എസ് എ തുടങ്ങിയവർ പങ്കെടുത്തു. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്നേഹിൽ കുമാർ സിംഗ് നന്ദി അറിയിച്ചു.



**കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ വനിതാ വിംഗിന്റെ അമ്പതിനായിരം രൂപയുടെ പ്രളയ ദുരിതാശ്വാസം കെ.വി.വി.ഇ.എസ് ഈരാറ്റുപേട്ട യൂണിറ്റ് പ്രസിഡന്റ് എ.എം.എ ഖാദർ എറണാകുളം ജില്ലാ വനിതാ വിംഗ് പ്രസിഡന്റ് ജയ പീറ്ററിൽ നിന്നും ഏറ്റുവാങ്ങുന്നു. സുനിത വിനോദ്, ഷംല, ലിസ്സി പൗപോസ്, ബോബി ബെന്നി തുടങ്ങിയവർ സമീപം.**

# പ്രളയ ദുരിതാശ്വാസം കൈമാറി

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ വനിതാ വിംഗ് പ്രളയ ദുരിതാശ്വാസം കൈമാറി. പ്രളയ ദുരിതത്തിൽ അകപ്പെട്ട ഈരാറ്റുപേട്ടയിലെ ചെറുകിട വ്യാപാരികളെ സഹായിക്കാനായി അമ്പതിനായിരം രൂപയാണ് നൽകിയത്. കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് തുക കൈമാറിയത്. ഈരാറ്റുപേട്ട വ്യാപാര ഭവനിൽ സംഘടിപ്പിച്ച ചടങ്ങിൽ കെ.വി.വി.ഇ.എസ് ഈരാറ്റുപേട്ട യൂണിറ്റ് പ്രസിഡന്റ് എ.എം.എ ഖാദർ വനിതാ വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് ജയ പീറ്ററിൽ നിന്നും തുക ഏറ്റുവാങ്ങി. ചടങ്ങിൽ ട്രഷറർ സുനിത വിനോദ്, സെക്രട്ടറി ഷംല, വൈസ് പ്രസിഡന്റ് ലിസ്സി പൗപോസ്, ഈരാറ്റുപേട്ട വനിതാ വിംഗ് പ്രസിഡന്റ് ബോബി ബെന്നി തുടങ്ങിയവർ പങ്കെടുത്തു.

# കോംഫിയെസ്റ്റ സംഘടിപ്പിച്ചു

**തിരുവമ്പാടി:** അൽഫോൻസ കോളജിലെ കൊമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കൊമേഴ്സ് ഡേ 'കോംഫിയെസ്റ്റ 2ഗ26' എന്ന പേരിൽ സംഘടിപ്പിച്ചു.

ഫോഗി മൗണ്ടൻ അമ്യൂസ്മെൻറ് പാർക്ക് മാനേജിംഗ് ഡയറക്ടർ തങ്കച്ചൻ മാതാളിക്കുന്നേൽ പരിപാടി ഉദ്ഘാടനം ചെയ്തു. കോളജ് മാനേജർ ഫാ. ആൻറണി ജോർജ് കാരിക്കുന്നേൽ അധ്യക്ഷനായി. ചടങ്ങിൽ ഉന്നതവിജയം നേടിയ വിദ്യാർഥികളെ ആദരിച്ചു.

## എം.ജി സർവകലാശാല

### പരീക്ഷാഫലം

ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിബിഎ എൽഎൽബി (ഓണേഴ്സ്) (2022 അഡ്മിഷൻ റഗുലർ, 20182021 അഡ്മിഷനുകൾ സപ്ലിമെൻററി), ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി (ഓണേഴ്സ്) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 9 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി (ഓണേഴ്സ്) (2022 അഡ്മിഷൻ റഗുലർ, 20182021 അഡ്മിഷനുകൾ സപ്ലിമെൻററി), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി (ഓണേഴ്സ്) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 9 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ ഫിലോസഫി (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 20192023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 9 വരെ ഓൺലൈനായി അപേക്ഷിക്കാം.



# ഡിടിപിസി ഓണാഘോഷം 25മുതൽ 28വരെ

**പാലക്കാട്:** സംസ്ഥാന വിനോദസഞ്ചാര വകുപ്പ്, ജില്ലാ ഭരണകൂടം, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡിടിപിസി) എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഈ വർഷത്തെ ജില്ലാതല ഓണാഘോഷ പരിപാടികൾ 25 മുതൽ 28വരെ സംഘടിപ്പിക്കും.

പാലക്കാട് രാപ്പാടി ഓപ്പൺ ഏയർ ഓഡിറ്റോറിയം, വെള്ളിയാങ്കല്ല് പൈതൃക പാർക്ക്, ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക്, പോത്തുണ്ടി ഉദ്യാനം എന്നീ കേന്ദ്രങ്ങളിലായി വിപുലമായ കലാസാംസ്കാരിക പരിപാടികളാണ് നടക്കുക. 25ന് വൈകുന്നേരം അഞ്ചിന് അത്താലൂർ പി. ശിവദാസനും സംഘവും അവതരിപ്പിക്കുന്ന പഞ്ചവാദ്യത്തോടെ രാപ്പാടി ഓപ്പൺ ഏയർ ഓഡിറ്റോറിയത്തിൽ ആഘോഷങ്ങൾക്ക് തുടക്കമാകും. തുടർന്ന് മഠത്തിൽ ഭാസ്കരനും സംഘവും കണ്യാർകളി, മണ്ണൂർ ചന്ദ്രനും സംഘവുംപൊറാട്ടുകളി എന്നിവ അരങ്ങേറും.

വൈകുന്നേരം ആറിനാണ് ഉദ്ഘാടന സമ്മേളനം. രാത്രി 7.30ന് സിനിമാ താരം കൃഷ്ണപ്രഭ ഗൗരി ക്രിയേഷൻസ് അവതരിപ്പിക്കുന്ന നൃത്തപരിപാടിയും നടക്കും. 26ന് വൈകുന്നേരം 5.30ന് ദേവാശ്രയം ഭിന്നശേഷി പുനരധിവാസ കേന്ദ്രത്തിലെ കുട്ടികളുടെ കലാപരിപാടികൾ, ആറിന് രാമൻ സ്മാരക തിറ പൂതൻ കളി സംഘം അവതരിപ്പിക്കുന്ന തിറയും പൂതനും, 6.30ന് വിപിൻ പുലവരും സംഘവും അവതരിപ്പിക്കുന്ന തോൽപ്പാവക്കൂത്ത്, രാത്രി 7.30ന് എസ്എസ് മ്യൂസിക് ബാൻഡ് പാലക്കാട് അവതരിപ്പിക്കുന്ന വയലിൻ ഫ്യൂഷൻ എന്നിവയുണ്ടായിരിക്കും.

27ന് വൈകുന്നേരം 5.30ന് എലവഞ്ചേരി ബേബീസ് കലാസമിതി അവതരിപ്പിക്കുന്ന തിരുവാതിരക്കളി, കൈകൊട്ടിക്കളി, ആറിന് വോയ്സ് ഓഫ് കളക്ടറേറ്റിന്റെ കരോക്കെ ഗാനമേള, രാത്രി ഏഴിന് ടി. പകാനും സംഘവും അവതരിപ്പിക്കുന്ന പൊറാട്ടു നാടകം, 7.30ന് സ്വരാലയ പാലക്കാട് അവതരിപ്പിക്കുന്ന ഗാനമേള എന്നിവ അരങ്ങേറും. സമാപന ദിനമായ 28ന് വൈകുന്നേരം 5.30ന് സാരംഗ് ഓർക്കസ്ട്രയുടെ ഗാനമേള, 6.30ന് അട്ടപ്പാടി ഗോത്രകലാമണ്ഡലത്തിന്റെ ആട്ടം പാട്ട്, രാത്രി എട്ടിന് കൈതോല നാടൻ പാട്ടുകൂട്ടം അവതരിപ്പിക്കുന്ന 'ലെഗസി ഫോക് മെഗാഷോ' എന്നിവയോടെ ആഘോഷങ്ങൾ സമാപിക്കും.



# വന്യജീവി ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കണം: മാർ ബർന്നബാസ്

**റാന്നി:**വനാന്തരങ്ങളിൽ ഫലവൃക്ഷത്തോട്ടങ്ങൾ നട്ട് വന്യജീവി ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കാൻ സർക്കാരും വനംവകുപ്പും തയാറാകണമെന്ന് മാർത്തോമ്മാസഭ റാന്നി നിലയ്ക്കൽ ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പൊലീത്ത. ളാഹ, മഞ്ഞത്തോട്, രാജാംമ്പാറ വനമേഖലകളിൽ വന്യമൃഗങ്ങൾക്കായി വിത്തുകളും ഫലവൃക്ഷങ്ങളും നടുന്ന പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വനംവകുപ്പ്, മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ മാർത്തോമ്മാ വികസനസംഘം, മാർത്തോമ്മാ യുവജനസഖ്യം എന്നീ സംഘടനകളുടെ പ്രവർത്തകരാണ് ഉൾവനങ്ങളിൽ നാടൻ വിത്തുകളും, ഫലവൃക്ഷങ്ങളും നടുന്നതിന് നേതൃത്വം നൽകുന്നത്. ഭദ്രാസന സെക്രട്ടറി റവ.തോമസ് കോശി പനച്ചമൂട്ടിൽ പദ്ധതി വിശദീകരിച്ചു. മാർ ക്രിസോസ്റ്റം ഫൗണ്ടേഷൻ പ്രസിഡന്റ് റെജി കൊപ്പാറ, ട്രഷറർ ബോബി അവഗാമ, ഭദ്രാസന ട്രഷറർ അനു ഫിലിപ്, പഞ്ചായത്തംഗം പി.എസ്.ഉത്തമൻ, വികസന സംഘം വൈസ് പ്രസിഡന്റ് റവ.എ.ഏബ്രഹാം, സെക്രട്ടറി ബെന്നി പുത്തൻപറമ്പിൽ, യുവജന സഖ്യം വൈസ് പ്രസിഡന്റ് റവ. സജിൻ ബേബി എന്നിവർ പ്രസംഗിച്ചു.

# നാളികേര വില കുത്തനെ ഉയരുമ്പോഴും വെളിച്ചെണ്ണ വില വർധിപ്പിക്കാതെ കേരഫെഡ്

**തിരുവനന്തപുരം:** നാളികേരത്തിന്റെ വില കുത്തനെ ഉയരുകയും അവശ്യ ഭക്ഷ്യവസ്തുക്കളുടെ വില പൊതുവേ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും വെളിച്ചെണ്ണയുടെ വില വർധിപ്പിക്കാതെ കേരഫെഡ്. കേരഫെഡിന്റെ പ്രമുഖ ബ്രാൻഡായ കേര വെളിച്ചെണ്ണ പഴയ വിലയിൽ തന്നെ വിപണിയിൽ തുടരുന്നത് ഓണക്കാലത്ത് സാധാരണ കുടുംബങ്ങൾക്ക് ആശ്വാസമാകുന്നു. ഒരു ലീറ്റർ കേര വെളിച്ചെണ്ണയുടെ എംആർപി 299 രൂപയാണ്. എന്നാൽ വിപണിയിലെ വിവിധ വിൽപന കേന്ദ്രങ്ങളിൽ ഇത് 270 രൂപ വരെ വിലയിൽ ലഭിക്കുന്നുണ്ട്. 500 മില്ലി ലീറ്റർ പാക്കറ്റിന്റെ എംആർപി 151 രൂപയാണെങ്കിലും ചിലയിടങ്ങളിൽ 140 രൂപ വരെ വിലയിൽ കേര വെളിച്ചെണ്ണ ലഭ്യമാകുന്നതായി വിപണി നിരീക്ഷണം വ്യക്തമാക്കുന്നു.

നാളികേരത്തിന്റെ വില വർധിക്കുന്നതിന് അനുസരിച്ച് വെളിച്ചെണ്ണയുടെ വിലയും ഉയരുന്ന പതിവ് വിപണിയിൽ നിലനിൽക്കുമ്പോഴാണ് കേരഫെഡിന്റെ കേര വെളിച്ചെണ്ണയുടെ വില മാറ്റമില്ലാതെ തുടരുന്നത് ശ്രദ്ധേയമാകുന്നത്. പ്രത്യേകിച്ച് ഓണക്കാലത്ത് അടുക്കള ചെലവ് വർധിക്കുന്ന സാഹചര്യത്തിൽ വെളിച്ചെണ്ണയുടെ വില പിടിച്ചുനിർത്തുന്നത് കുടുംബ ബജറ്റിന് വലിയ ആശ്വാസമാണ്. വിലയ്ക്കൊപ്പം അളവിന്റെ കാര്യത്തിലും കേര വെളിച്ചെണ്ണ വേറിട്ടുനിൽക്കുന്നു. വിപണിയിലെ ചില ബ്രാൻഡുകൾ ഒരു ലീറ്റർ എന്ന പേരിൽ 900 മില്ലി ലീറ്റർ മാത്രം നൽകുന്ന സാഹചര്യമുള്ളപ്പോൾ, കേരഫെഡിന്റെ കേര വെളിച്ചെണ്ണ 1 ലീറ്റർ, 500 മില്ലി ലീറ്റർ എന്നിങ്ങനെ കൃത്യമായ അളവിലാണ് വിപണിയിലെത്തുന്നത്. അതിനാൽ വില താരതമ്യം ചെയ്യുമ്പോൾ പാക്കറ്റിലെ അളവും കൂടി പരിശോധിക്കേണ്ടതുണ്ട്.



# ഞാറ് നടീൽ യന്ത്രങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു

**കടുത്തുരുത്തി:** അഗ്രോ സർവീസ് സെൻറർ തനത് ഫണ്ട് ഉപയോഗിച്ചു വാങ്ങിയ രണ്ടു ഞാറ് നടീൽ യന്ത്രങ്ങളുടെ ഉദ്ഘാടനം മന്ത്രി മോൻസ് ജോസഫ് നിർവഹിച്ചു. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിനൊപ്പം കാർഷിക മേഖലയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിക്ക് കഴിയട്ടെയെന്ന് മന്ത്രി പറഞ്ഞു.

നിലവിൽ ഉണ്ടായിരുന്ന മൂന്ന് നടീൽ യന്ത്രങ്ങൾക്ക് പുറമേയാണ് പുതിയ യന്ത്രങ്ങൾ കൂടി ലഭ്യമാക്കുന്നത്. ഇതോടെ കടുത്തുരുത്തിയിലെ കാർഷിക മേഖലയിലെപ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും ലാഭകരമാക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

യോഗത്തിൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് തങ്കമ്മ വർഗീസ്, കടുത്തുരുത്തി പഞ്ചായത്ത് പ്രസിഡൻറ് റോയി ജോർജ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ജി.വി. റെജി, കൃഷി അസിസ്റ്റൻറ് ഡയറക്ടർ ടി.ആർ. സ്വപ്ന, ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ, ഗ്രാമപഞ്ചായത്തംഗങ്ങൾ, കൃഷി ഓഫീസർ രേഷ്മ ആർ. നായർ, കർഷക പ്രതിനിധികൾ, അഗ്രോ സർവീസ് സെൻറർ ഫെസിലിറ്റേറ്റർ സനൽകുമാർ എന്നിവർ പങ്കെടുത്തു.



# വിപണി കീഴടക്കാൻ വരവൂരിന്റെ ചെങ്ങാലിക്കോടൻ വരുന്നു

**എരുമപ്പെട്ടി:** ഓണവിപണിയിൽ സ്വർണത്തിളക്കവുമായി വരവൂരിന്റെ ചെങ്ങാലിക്കോടൻ എത്തി. വരവൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസിലെ അയൽക്കൂട്ട അംഗങ്ങൾ തങ്ങളുടെ കൊച്ചു സ്വപ്നങ്ങൾക്ക് കഠിനാധ്വാനത്തിന്റെ പൂർണത നൽകിക്കൊണ്ടാണ് വിഷരഹിതമായ നാടൻ വാഴക്കുലകൾ ഒരുക്കിയിരിക്കുന്നത്. കൃഷിഭൂമി ഒരുക്കിയതു മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ ഘട്ടങ്ങളിലും അംഗങ്ങളുടെ കൂട്ടായ പരിശ്രമവും പരസ്പര സഹകരണവും ചെങ്ങാലിക്കോടൻറെ പൊൻതിളക്കത്തിനു മാറ്റുകൂട്ടുന്നു.

വരവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് യു.ബി. കണ്ണൻ വിളവെടുപ്പ് മഹോത്സവം ഉദ്ഘാടനം ചെയ്തു.

കുടുംബശ്രീ ചെയർപേഴ്സൺ സി.ആർ. ഗീത, വൈസ് ചെയർപേഴ്സൺ ബേബി ചന്ദ്രൻ, പഞ്ചായത്ത് സെക്രട്ടറി എം.കെ. ആൽഫ്രെഡ്, സുമ, ജെഎൽജി സെക്രട്ടറി ഫാത്തിമ, പ്രസിഡൻറ് സക്കീന, അംഗങ്ങളായ ഗീത, നബീസ, ഉപസമിതി കൺവീനർ വിമല പ്രഹ്ളാദൻ, ബിസിമാരായ അമ്പിളി, കമ്യൂണിറ്റി കൗൺസിലർ ആതിര തുടങ്ങിയവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്തനാർബുദത്തിനെതിരായ പുതിയ സംയുക്തത്തിന് കുസാറ്റിന് പേറ്റന്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗവേഷകർ, ക്യാൻസർ പ്രതിരോധ ശേഷിയുള്ള സെൽഫ്അസംബിൾഡ് മെറ്റൽഓർഗാനിക് ത്രികോണ സംയുക്തം വികസിപ്പിച്ചെടുത്തു. സ്തനാർബുദത്തെ ചെറുക്കുന്നതിനായി ഉയർന്ന ജൈവപ്രവർത്തന ശേഷിയുള്ള ഒരു സംയുക്തം രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്നതുമായി

ബന്ധപ്പെട്ടതാണ് ഈ കണ്ടുപിടുത്തം. പുതുതായി രൂപകൽപ്പന ചെയ്ത തയോസെമികാർബസോൺ തന്മാത്രകൾ ഉപയോഗിച്ച് ബന്ധിപ്പിച്ചിരിക്കുന്ന മൂന്ന് സിങ്ക് അയോണുകൾ ചേർന്നതാണ് ഈ സവിശേഷ സംയുക്തം; ഇത് ഒരു മെറ്റലോസുപ്രാമോളിക്യുലാർ ഘടനയാണ് സൃഷ്ടിക്കുന്നത്. സിംഗിൾ ക്രിസ്റ്റൽ എക്സ്റേ ഡിഫ്രാക്ഷൻ രീതി ഉപയോഗിച്ച് ഈ സംയുക്തത്തിന്റെ ഘടന കൃത്യമായി സ്ഥിരീകരിച്ചിട്ടുണ്ട്. മാരകമായ ങഇഎ7 സ്തനാർബുദ കോശങ്ങൾക്കെതിരെയുള്ള ഇതിന്റെ സൈറ്റോടോക്സിസിറ്റി (കോശങ്ങളെ നശിപ്പിക്കാനുള്ള കഴിവ്) നിലവിലുള്ള പ്രധാന മരുന്നായ സിസ്പ്ലാറ്റിനേക്കാൾ ഏകദേശം 3.5 മടങ്ങ് മികച്ചതാണെന്ന് കണ്ടെത്തി. അപ്പോപ്റ്റോസിസ് (കോശങ്ങളുടെ സ്വാഭാവിക മരണം) എന്ന പ്രക്രിയയിലൂടെ ക്യാൻസർ കോശങ്ങളെ നശിപ്പിക്കാൻ ഈ സംയുക്തത്തിന് കഴിയുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഡിഎൻഎയുമായുള്ള ബന്ധം, റിയാക്ടീവ് ഓക്സിജൻ സ്പീഷീസുകളുടെ ഉത്പാദനം, പ്രോട്ടീൻ ബന്ധനം, ന്യൂക്ലിയർ സ്റ്റെയിനിംഗ് പരിശോധന എന്നിവയുൾപ്പെടെയുള്ള കൂടുതൽ പരീക്ഷണ പഠനങ്ങളും ഇതിന്റെ മികച്ച പ്രവർത്തനക്ഷമതയെ സാധൂകരിക്കുന്നു. ക്യാൻസർ പ്രതിരോധ ഗവേഷണത്തിൽ പുതിയ മരുന്ന് കണ്ടെത്തുന്നതിൽ 'സുപ്രാമോളിക്യുലാർ കോർഡിനേഷൻ കെമിസ്ട്രി', 'മെറ്റൽബേസ്ഡ് ഫ്രെയിംവർക്ക് സംയുക്തങ്ങൾ' എന്നിവയ്ക്കുള്ള വലിയ സാധ്യതകളെ ഈ പഠനം എടുത്തുകാണിക്കുന്നു. കുസാറ്റ് അപ്ലൈഡ് കെമിസ്ട്രി വകുപ്പ് അസോസിയേറ്റ് പ്രൊഫസർ ഡോ. മനോജ് ഇ., ഗവേഷകയായ അൻസ സന്തു എന്നിവർ നടത്തിയ ഈ ഗവേഷണ പ്രവർത്തനത്തിനാണ് ഇന്ത്യൻ പേറ്റന്റ് ലഭിച്ചത്.

ബാക്ടീരിയയെ നശിപ്പിക്കാനുള്ള മറ്റ് കഴിവുകൾ ഉൾപ്പെടെയുള്ള പ്രധാന കണ്ടെത്തലുകൾ, അന്താരാഷ്ട്രതലത്തിൽ പ്രശസ്തമായ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ 'ജേണൽ ഓഫ് മെറ്റീരിയൽസ് കെമിസ്ട്രി ബി' എന്ന ജേണലിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# നെഹ്റുട്രോഫി വള്ളംകളി; നിയന്ത്രണങ്ങൾ ഏർപ്പെടുത്തി

**ആലപ്പുഴ:** 22ന് പുന്നമടക്കായലിൽ നടക്കുന്ന 72ാ മത് നെഹ്റുട്രോഫി വള്ളംകളിയോടനുബന്ധിച്ച് സുരക്ഷാ ഡ്യൂട്ടിക്കും ട്രാഫിക്ക് ക്രമീകരണങ്ങൾക്കുമായി പുന്നമടയും പരിസര പ്രദേശങ്ങളും 16 സെക്ടറുകളായി തിരിച്ച് 22 ഡിവൈഎസ്പി, 50 ഇൻസ്പെക്ടർ, 400 എസ്ഐ എന്നിവരുൾപ്പെടെ 1700ൽ പരം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

നെഹ്റുട്രോഫി വള്ളംകളിയുടെ നിയമാവലികൾ അനുസരിക്കാത്ത വള്ളങ്ങളെയും അതിലുള്ള തുഴച്ചിൽക്കാരെയും മറ്റ് നിയമലംഘകരെയും കണ്ടെത്തുന്നതിനും വീഡിയോ കാമറകൾ ഏർപ്പെടുത്തിയിട്ടുള്ളതും ഇത്തരക്കാരുടെ പേരിൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

മത്സര സമയം കായലിൽ ചാടി മത്സരം തടസപ്പെടുത്താൻ ശ്രമിക്കുന്നവരെ മത്സരം അലങ്കോലപ്പെടുത്തിയതായി കണ്ട് അറസ്റ്റ് ചെയ്ത് നീക്കുന്നതും കർശന നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

പണം മുടക്കി പാസ് എടുത്ത് പവലിയനിലേക്ക് ആളുകൾ എത്തുന്ന സമയം അവർക്ക് കൃത്യമായി സീറ്റ് ലഭിക്കുന്നില്ല എന്നുള്ള ആക്ഷേപം എല്ലാ വർഷവും ഉണ്ടാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി പാസുള്ളവരെ മാത്രം പരി ശോധിച്ച് കടത്തി വിടുന്നതിനായി ഫിനിഷിംഗ് പോയിൻറ് പ്രധാന കവാടത്തിലേക്കുള്ള റോഡിൽ ബാരിക്കേഡ് സ്ഥാപിക്കും.

വള്ളംകളി ദിവസം പവലിയനുകളിൽ പാസില്ലാതെ അതിക്രമിച്ചു കയറി സീറ്റ് കൈക്കലാക്കുന്നവരെ തടയുന്നതിനും ഇപ്രകാരം ആളുകളെ ബോട്ടിലും മറ്റും എത്തിക്കുന്നവർക്കെതിരേയും നിയമനടപടി സ്വീകരിക്കുന്നതിന് 21ന് രാത്രി മുതൽ പോലീസുദ്യോഗസ്ഥരെ വിന്യസിക്കും.പാസില്ലാത്തവർക്ക് പവലിയനിലേക്കുള്ള പ്രവേശനം കർശനമായി നഷേധിക്കുന്നതാണ്. ആയതിനാൽത്തന്നെ പാസുമായി പവലിയനിൽ എത്തുന്ന ഭാരവാഹികളോ മറ്റുള്ളവരോ അവരോടൊപ്പം പാസില്ലാത്ത ആളുകളെ കൊണ്ടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.22ന് രാവിലെ എട്ടിന് ശേഷം ഒഫിഷ്യൽസ് അല്ലാത്ത ബോട്ടുകളും സ്പീഡ് ബോട്ടുകളും വള്ളങ്ങളും മത്സരട്രാക്കിൽ പ്രവേശിക്കാൻ പാടില്ലാത്തതും അപ്രകാരം പ്രവേശിക്കുന്ന വള്ളങ്ങളെ പിടിച്ചുകെട്ടുന്നതും കേരള പോലീസ് ആക്ട് പ്രകാരമുള്ള നിയമനടപടി സ്വീകരിക്കുന്നതും അത്തരം ജലയാനങ്ങളുടെ പെർമിറ്റും ഡ്രൈവറുടെ ലൈസൻസും കുറഞ്ഞത് മൂന്ന് വർഷക്കാലാവധിക്ക് സസ്പെൻഡ് ചെയ്യുന്നതിനു ശുപാർശ ചെയ്യുന്നതുമായിരിക്കും.




# സജീവമായി ഓണം മേളകൾ

**കൊല്ലം:** ഓണം ആഘോഷിക്കാൻ എന്തൊക്കെ വേണോ അതെല്ലാം ഒരുക്കി മേളകളും സജീവമായി. വസ്ത്രങ്ങൾ മുതൽ കുട്ടയും വട്ടിയും ചട്ടിയും കലവും വരെ... ഓണമൊരുക്കാനുള്ളതെല്ലാമുണ്ട് മേളകളിൽ. കുടുംബശ്രീ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്, സപ്ലൈകോ തുടങ്ങിയവയുടെ മേളകൾ ജില്ലയിലെമ്പാടും ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷ? ജില്ലാതല ഓണംമേള അലയമണിൽ ആരംഭിച്ചു. അഞ്ചുദിവസമാണ് ജില്ലാതല മേളയുണ്ടാകുക.

ഒരു സിഡിഎസിൽ രണ്ടുമേളകൾ വീതം ജില്ലയിലാകെ സിഡിഎസ് തലത്തിൽ 148 മേളകളാണുള്ളത്. സിഡിഎസ്തല മേളകൾ മൂന്നുദിവസമേ ഉണ്ടാകുള്ളൂ. കുടുംബശ്രീയുടെ തനത് വിഭവങ്ങളാണ് മേളകളിലുള്ളത്. വസ്ത്രം, കറിപ്പൊടികൾ, കുടുംബശ്രീ ബ്രാൻഡഡ് ഉത്പന്നങ്ങൾ, വിവിധതരം അച്ചാറുകൾ, നാടൻ പലഹാരങ്ങൾ, പപ്പടം, പായസംമിക്സ്, മൺപാത്രങ്ങൾ, നാടൻമിഠായികൾ തുടങ്ങിയവയെല്ലാം കുടുംബശ്രീ മേളകളിലുണ്ട്. 20ലധികം സംരംഭകർ ഓരോ മേളയുടെയും ഭാഗമാകുന്നുണ്ട്. ഗുണമേന്മയുള്ള വിഭവങ്ങൾ കുറഞ്ഞവിലയിൽ ലഭിക്കുമെന്നതാണ് പ്രത്യേകത.

കുടുംബശ്രീ സിഡിഎസുകളുടെ നേതൃത്വത്തിൽ ഓണക്കിറ്റുകളും വിൽപ്പനയ്ക്കെത്തിച്ചിട്ടുണ്ട്. സാധനങ്ങൾ ഓരോന്നായി തിരഞ്ഞുനടക്കേണ്ടെന്നതാണ് കിറ്റുകളുടെ മേന്മ. ജില്ലാമിഷന്റെ ബ്രാൻഡ് ഉത്പന്നങ്ങൾ ഉൾപ്പെടുത്തിയാണ് കിറ്റ് തയ്യാറാക്കുന്നത്. ചിപ്സ്, ശർക്കരവരട്ടി, മസാലപ്പൊടികൾ, പായസം മിക്സ് തുടങ്ങിയവ ഉൾപ്പെടുത്തി 500 രൂപമുതൽ 750 രൂപ വരെ വിലയുള്ള കിറ്റുകളാണ് വിപണിയിലുള്ളത്.

കൺസ്യൂമർ ഫെഡിന് ഇത്തവണ 192 മേളകളാണുള്ളത്. പന്മന സർവീസ് സഹകരണ ബാങ്കിലാണ് ജില്ലാമേള. സഹകരണവകുപ്പും കൺസ്യൂമർഫെഡും ചേർന്നാണ് മേളകൾ സംഘടിപ്പിക്കുന്നത്. 26 ത്രിവേണി സ്റ്റോറുകളിലും 165 സഹകരണബാങ്കുകളിലുമായാണ് മേളകളുള്ളത്. 25 വരെ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങാനാകും. 13 ഇനങ്ങൾക്കാണ് സബ്സിഡിയുള്ളത്. ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി, പഞ്ചസാര, ഉഴുന്ന്, ചെറുപയർ, കടല, തുവരപ്പരിപ്പ്, വൻപയർ, മുളക്, മല്ലി, വെള്ളിച്ചെണ്ണ തുടങ്ങിയവ സബ്സിഡി നിരക്കിൽ ലഭിക്കും. ഇതിനുപുറമേ മറ്റ് ബ്രാൻഡഡ് ഉത്പന്നങ്ങളും മേളയിൽ ഒരുക്കിയിട്ടുണ്ട്. ഇവയ്ക്ക് 10 മുതൽ 35 ശതമാനം വരെ വിലക്കിഴിവും ലഭിക്കും.



# ഓണത്തെ വരവേൽക്കാനായി ഓണാട്ടുകരയിലെ കാർഷികവിപണികൾ സജീവമായി

**ചാരുംമൂട്:** പാടങ്ങളും പറമ്പുകളും പൂക്കളുംകൊണ്ട് സമ്പന്നമായ ഓണാട്ടുകര പ്രദേശം പ്രൗഢഗംഭീരമായി ഓണത്തെ വരവേൽക്കാൻ ഒരുങ്ങുന്നു. ഓണച്ചന്തകളും കാർഷിക വിളവെടുപ്പുകളും സജീവമാകുന്നതോടെ നാടാകെ ഉത്സവത്തിമിർപ്പിലാണ്. ഓണത്തെവരവേൽക്കാനായി ഓണാട്ടുകരയിലെ കാർഷിക വിപണികൾ സജീവമായി. ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ ഓണസദ്യയൊരുക്കാൻ ടൺ കണക്കിനു പച്ചക്കറികളാണ് ചാരുംമൂട് കൃഷി അസി. ഡയറക്ടർ ഓഫീസിൻറെ പരിധിയിൽനിന്നുള്ള വിപണികളിൽനിന്ന് കയറ്റിയയ്ക്കുന്നത്. പാലമേൽ, നൂറനാട്, താമരക്കുളം, ചുനക്കര, വള്ളികുന്നം, ഭരണിക്കാവ് ഗ്രാമപ്പഞ്ചായത്തുകളാണ് ഓഫീസിൻറെ പരിധിയിൽ വരുന്നത്. ഓണവിപണി ലക്ഷ്യമാക്കി 350 ഹെക്ടറിലാണ് കൃഷിയിറക്കിയിരുന്നത്. ഇതിൽ ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിൽ മാത്രമാണ് പച്ചക്കറിക്കൃഷി കുറവുള്ളത്.

നാടൻ കാർഷിക വിഭവങ്ങളാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. ഇതോടൊപ്പം മറ്റു കാർഷിക വിഭവങ്ങളും വിപണികളിലെത്തിക്കുന്നുണ്ട്. കൃഷിവകുപ്പിൻറെ മേൽനോട്ടത്തിലുള്ള എ ഗ്രേഡ് ക്ലസ്റ്റർ ലേലവിപണികളാണ് പാലമേൽ, താമരക്കുളം, വള്ളികുന്നം, ചുനക്കര, നൂറനാട് പഞ്ചായത്തുകളിലുള്ളത്. ഇതുകൂടാതെ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ (വിഎഫ്പിസികെ) നേതൃത്വം നൽകുന്ന സ്വാശ്രയ കർഷക വിപണികൾ തത്തംമുന്നയിലും കണ്ണനാകുഴിയിലും താമരക്കുളത്തും പ്രവർത്തിക്കുന്നുണ്ട്. കർഷകരിൽനിന്നു മികച്ച വിലനൽകിയാണ് വിപണികളിൽ പച്ചക്കറികളും കാർഷിക വിഭവങ്ങളും സംഭരിക്കുന്നത്. ഏത്തയ്ക്ക, ചേന, ചേമ്പ്, ഇഞ്ചി, മത്തൻ, വെള്ളരി, പടവലം, തടിയൻ കായ, കുമ്പളങ്ങ, സാലഡ് വെള്ളരി, പയർ, പാവൽ എന്നിവയാണ് പ്രധാനമായും വിപണികളിലെത്തുന്നത്.

വിവിധ ബ്ലോക്കുകളിലേക്കും ഹോർട്ടികോർപ്പിൻറെ സംഭരണകേന്ദ്രങ്ങളിലേക്കുമാണ് പച്ചക്കറികൾ കയറ്റിവിടുന്നത്. വരുംദിവസങ്ങളിലും പച്ചക്കറിസംഭരണം തുടരും. നൂറനാട്, പാലമേൽ പഞ്ചായത്തുകളിലെ കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനാണ് വിഎഫ്പിസികെയുടെ സഹകരണത്തോടെ തത്തംമുന്ന സ്വാശ്രയ കർഷകവിപണി പ്രവർത്തിക്കുന്നത്. ഓണത്തിനായി ഇവിടേക്ക് പച്ചക്കറികളും ഏത്തക്കുലകളും ധാരാളം എത്തിക്കൊണ്ടിരിക്കുന്നു. സമിതിയിലെ അംഗങ്ങളായ കർഷകരിൽനിന്ന് ഉത്പന്നങ്ങൾ മികച്ച വിലനൽകിയാണ് സംഭരിക്കുന്നത്. പൊതുവിപണി വിലയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഉപഭോക്താക്കൾക്കു ലഭ്യമാക്കുന്നത്.




# സിൽവർ സ്റ്റോമിൽ കേബിൾ കാർ റൈഡ്
## ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ

**തൃശൂർ:** അതിരപ്പിള്ളിയിലെ ആകാശകാഴ്ചകളുടെ വിസ്മയ ലോകം കാണാൻ സിൽവർ സ്റ്റോമിൽ ആകാശ യാത്ര ഒരുക്കിയിരിക്കുന്നു. സിൽവർ സ്റ്റോമിലെ കേബിൾ കാറുകളുടെ വിപുലമായ ശ്രേണി മുഖ്യമന്ത്രി വി.ഡി. സതീശൻ 23ന് വൈകിട്ട് 4ന് നാടിന് സമർപ്പിക്കും. അത്യാധുനിക സംവിധാനത്തിൽ നിർമാണം പൂർത്തിയാക്കിയ ജംഗിൾ സ്റ്റോമിന്റെ ഉദ്ഘാടനം വ്യവസായ മന്ത്രി പി.കെ കുഞ്ഞാലികുട്ടി നിർവഹിക്കും. മന്ത്രിമാരായ പി .സി വിഷ്ണുനാഥ്, റോജി എം. ജോൺ, ഒ.ജെ ജനീഷ്, ബെന്നി ബഹനാൻ എം.പി, സനീഷ് കുമാർ ജോസഫ് എം.എൽ.എ, കലക്ടർ ശിഖ സുരേന്ദ്രൻ എന്നിവരും ചടങ്ങിൽ പങ്കെടുക്കും.

ദിവസേന അയ്യായിരത്തിലധികം സന്ദർശകർക്ക് അതിശയിപ്പിക്കുന്ന ആകാശയാത്രയുടെ നവ്യാനുഭവം ആസ്വദിക്കാൻ കഴിയുന്ന രീതിയിലാണ് കേബിൾ കാറിന്റെ സഞ്ചാരപാത.



കണ്ണഞ്ചിപ്പിക്കുന്ന ആകാശയാത്ര എത്തിച്ചേരുന്നത് ഫോറസ്റ്റ് വില്ലേജിലാണ്. പരിസ്ഥിതി സമ്പത്തുകളുടെ പുതിയ അനുഭവങ്ങളും തിങ്ങിനിറഞ്ഞ മരങ്ങളും നടപ്പാതകളും, ട്രൈബൽ ഹട്ടും, ലോകത്തിലെ തന്നെ വ്യത്യസ്തങ്ങളായ അനേകം പക്ഷികളും മൃഗങ്ങളും, അക്വേറിയവും, സസ്യലതാദികളാലും സമ്പന്നമാണ് ജംഗിൾ സ്റ്റോം. വിനോദത്തിനും വിജ്ഞാനത്തിനും അതിലുപരി മാനസിക ഉല്ലാസങ്ങൾക്കും പുതിയ അനുഭവം ഒരുക്കുകയാണ് ഫോറസ്റ്റ് വില്ലേജ്. എന്നുമെന്നും ഓർമിക്കാൻ കഴിയുന്ന ചിത്രങ്ങൾ പകർത്താനും സന്ദർശകക്ക് കഴിയും. വാട്ടർ തീം പാർക്ക്, സ്നോ പാർക്ക്, കേബിൾ കാർ, ഫോറസ്റ്റ് വില്ലേജ്, റിസോർട്സ് തുടങ്ങിയവയെല്ലാം ഒരു കുടക്കീഴിൽ ഒരുക്കിയിട്ടുള്ള ഇന്ത്യയിലെ ഏക ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന റെക്കോഡും സിൽവർ സ്റ്റോം സ്വന്തമാക്കുകയാണെന്ന് മാനേജിങ് ഡയറക്ടർ എ.ഐ ഷാലിമാർ പത്രസമ്മേളനത്തിൽ പറഞ്ഞു. ചെയർമാൻ പി.കെ അബ്ദുൽ ജലീൽ, പ്രൊമോട്ടർ സിറാജ് വി.എ., സ്വതന്ത്ര ഡയറക്ടർ കെ. അരവിന്ദാക്ഷൻ, സി .എഫ്.ഒ. കെ.രാമചന്ദ്രൻ, മാർക്കറ്റിങ് മാനേജർ ഷാജിത് തുടങ്ങിയവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.




# ഓണം വിപണി കീഴടക്കാൻ 3ഡി ബിൽബോർഡുമായി കെൽവിനേറ്റർ

**തിരുവനന്തപുരം:** ഗൃഹോപകരണ നിർമ്മാണ രംഗത്ത് ഒരു നൂറ്റാണ്ടിന്റെ അനുഭവ സമ്പത്തുള്ള കെൽവിനേറ്റർ കേരളത്തിലെ ഓണം വിപണി കീഴടക്കാൻ വ്യത്യസ്ഥമായ പരസ്യ തന്ത്രമാണ് അവതരിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം എം.ജി.റോഡിലെ 3ഡി അനാമോർഫിക് ബിൽബോർഡിൽ തെളിയുന്ന ഗൃഹോപകരണ നിര ഉപഭോക്താക്കളുടെ മനം കീഴടക്കാൻ പര്യാപ്തമാണ്. കേരളത്തിന്റെ പാരമ്പര്യം വിളിച്ചോതുന്ന നിറക്കാഴ്ചകളുടെ പശ്ചാത്തലത്തിലാണ് കമ്പനി ഇക്കുറി തങ്ങളുടെ റഫ്രിജറേറ്ററുകൾ, എയർ കണ്ടീഷനറുകൾ, വാഷിംഗ് മെഷീനുകൾ തുടങ്ങിയവയുടെ ദൃശ്യാവിഷ്കാരം 3ഡി ഇഫക്ടിൽ അവതരിപ്പിച്ചിരിക്കുന്നത്. പരമ്പരാഗത വള്ളംകളിയുടെ ദൃശ്യത്തോടെ ആരംഭിക്കുന്ന വീഡിയോയിൽ വെള്ളത്തുള്ളികൾ സ്ക്രീനിൽ നിന്ന് പുറത്തേക്ക് തെറിക്കുന്ന അനുഭവമാണ് മറ്റൊരു ആകർഷണം.

ഓണാഘോഷങ്ങളുടെ ഭാഗമായി, തിരഞ്ഞെടുത്ത റഫ്രിജറേറ്ററുകൾ, എയർ കണ്ടീഷണറുകൾ, വാഷിംഗ് മെഷീനുകൾ എന്നിവയ്ക്ക് 7,500 രൂപ വരെ ഉറപ്പായ ക്യാഷ്ബാക്ക് ഓഫറുകളും ഉണ്ടെന്ന് അധികൃർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു.

# കൊല്ലവർഷം 1202 പ്രദർശനം: ഉദ്ഘാടനം മേയർ

**കൊച്ചി:** പ്രമുഖ കൺസെപ്ചൽ ഫോട്ടോഗ്രാഫർ ജിൻസൺ അബ്രാഹമിന്റെ കൺസെപ്ചൽ ഫോട്ടോഗ്രാഫി പ്രദർനമായ കൊല്ല വർഷം 1202 ”മുന്നേ,ഇപ്പോൾ, ഇനി”: ഇന്ന് (21.08.2026) ഉച്ചയ്ക്ക് 12ന് എറണാകുളം ദർബാൾ ഹാൾ ആർട്ട് ഗാലറിയിൽ മേയർ അഡ്വ.വി.കെ.മിനിമോൾ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കൾച്ചറൽ ക്യൂറേറ്റർ ബോസ് കൃഷ്ണമാചാരിയും പങ്കെടുക്കും. ഉയർത്തെഴുന്നേൽപ്പിന്റെ കാപ്പകങ്ങൾ എന്ന ഉപശീർഷകത്തിലുള്ള പ്രദർശനം വസ്ത്രം, ശരീരം, അവയുമായി ബന്ധപ്പെട്ട സാമൂഹിക പോരാട്ടങ്ങൾ എന്നിവയിലൂടെ കേരളത്തിന്റെ സാംസ്കാരിക ഓർമ്മകളിലേയ്ക്ക് തിരിഞ്ഞുനോക്കുന്നു. പന്ത്രണ്ട് മലയാള മാസങ്ങളെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ട് സ്ത്രീകളും, അവർക്കു നടുവിൽ കാലത്തിന്റെ പ്രതീകമായി നിലകൊള്ളുന്ന കാലവും ചേർന്ന പതിമൂന്ന് ഫോട്ടോ ഗ്രാഫുകളാണ് പ്രദർശനത്തിന്റെ കേന്ദ്രം. കേരളത്തിന്റെ 1202 വർഷം പഴക്കമുള്ള കലണ്ടർ, സാംസ്കാരിക ചരിത്രങ്ങൾ, കാലവുമായുള്ള മാറിക്കൊണ്ടിരിക്കുന്ന ബന്ധം എന്നിവയെ ഓരോ വർഷവും പുതിയ കാഴ്ച്ചപ്പാടിലൂടെ രേഖപ്പെടുത്തുന്ന തുടർ കലാ പദ്ധതിയാണ് കൊല്ലവർഷം വിഭാവനം ചെയ്യുന്നത്. പ്രദർശനം 28വരെ നീണ്ടുനിൽക്കും.

# അമൃത ആശുപത്രിയിൽ ജീൻ തെറാപ്പി ചികിത്സ

**കൊച്ചി:** അപൂർവ ജനിതക രോഗമായ സ്പൈനൽ മസ്കുലർ അട്രോഫി ടൈപ്പ് 1 ബാധിച്ച മിയ മരിയ എന്ന രോഗിക്ക് കൊച്ചി അമൃത ആശുപത്രിയിൽ ജീൻ തെറാപ്പി ചികിത്സ നൽകി. രോഗത്തിന്റെ വ്യാപനം തടയുന്നതിനാണ് ജീൻ തെറാപ്പി നൽകിയതെന്ന് ആശുപത്രി അധികൃതർ വാർത്താ കുറിപ്പിലുടെ അറിയിച്ചു. പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ.കെ.പി. വിനയൻ, അസിസ്റ്റന്റ് പ്രൊഫസർ ഡോ. രശ്മി രവീന്ദ്രൻ, പീഡിയാട്രിക് പൾമൊണറി വിഭാഗം മേധാവി ഡോ. സജിത്ത് കേശവൻ എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘത്തിന്റെ മേൽനോട്ടത്തിലാണ് മിയയുടെ ചികിത്സയും തുടർ പരിചരണവുമെന്നും ആശുപത്രി വൃത്തം അറിയിച്ചു.

പൊതുജനങ്ങളുടെ സഹായത്തോടെയാണ് കുടുംബം ചികിത്സയ്ക്ക് ആവശ്യമായ 16.5 കോടി രൂപ മൂന്ന് ദിവസത്തിനുള്ളിൽ സമാഹരിച്ചത്.




# കവിത ഗോൾഡ് ആൻഡ് ഡയമണ്ട്സ് പുതിയ ഷോറൂം തലശേരിയിൽ

**തൃശൂർ:** സുവർണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കവിത ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ 14ാമതു ഷോറൂം തലശേരിയിൽ ഉദ്ഘാടനത്തിനൊരുങ്ങുന്നു.

തലശേരി പുതിയ ബസ് സ്റ്റാൻഡിനടുത്തുള്ള മണവാട്ടി ജംഗ്ഷനിലെ പുതിയ ഷോറൂം 22നു രാവിലെ 11നു സിനിമാതാരം പ്രീതി മുകുന്ദൻ ഉദ്ഘാടനം ചെയ്യും.

സ്വർണം, വജ്രം, വെഡ്ഡിംഗ്, ആൻറിക്, ടെംപിൾ തുടങ്ങി വൈവിധ്യമായ ആഭരണങ്ങളുടെ വിപുലശേഖരം പുതിയ ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്.

ഉദ്ഘാടനത്തിന്റെ ഭാഗമായി ആകർഷകമായ ഓഫറുകളാണ് ഒരുക്കിയിരിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർമാരായ പ്രസാദ് രാജഗോപാൽ, പ്രജീഷ് രാജഗോപാൽ എന്നിവർ അറിയിച്ചു.

10 ഭാഗ്യശാലികൾക്ക് ഓരോ ഡയമണ്ട് റിംഗുകൾ, ഓരോ നാലുഗ്രാം പർച്ചേസിനൊപ്പവും സൗജന്യ സ്വർണനാണയങ്ങൾ, സ്വർണാഭരണങ്ങൾക്ക് പണിക്കൂലിയിൽ 50 ശതമാനം വരെ ഡിസ്കൗണ്ട്, ഡയമണ്ട് ആഭരണങ്ങൾക്ക് പണിക്കൂലിയിൽ 40 ശതമാനം വരെ ഡിസ്കൗണ്ട്, പഴയ സ്വർണം എക്സ്ചേഞ്ച് ചെയ്യുമ്പോൾ പവന് 1000 രൂപ അധികം, എല്ലാ പർച്ചേസിനും ഉറപ്പായ സമ്മാനങ്ങൾ എന്നിവയാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. ഓഫറുകൾ സെപ്റ്റംബർ 30 വരെ തലശേരി ഷോറൂമിൽ മാത്രം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com